പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 923 12.06.2013 ലെ മറുപടിക്ക്

## സ്വയം പര്യാപ്ത ഗ്രാമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.ഡി. സതീശൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആരംഭിച്ചിട്ടുണ്ട്; അൻപതോ അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളിൽ പരമാവധി ഒരു കോടി രൂപ വരെ വിനിയോഗിച്ച് വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | തെരഞ്ഞെടുത്ത കോളനികളെ പരമാവധി ഒരു കോടി രൂപ വരെ വിനിയോഗിച്ച് സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. |
| (സി) | പട്ടികജാതി ഗ്രാമങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (സി) | കോളനിയ്ക്കകത്തുള്ള റോഡുകൾ, നടപ്പാതകൾ, വൈദ്യുതീകരണം, കുടിവെള്ളം,കളിസ്ഥലം, ജലസേചനം, വീട്പുനരുദ്ധാരണം, അടുക്കളത്തോട്ടങ്ങൾ, ബയോഗ്യാസ്പ്ലാന്റ്, ആശയവിനിമയ സൗകര്യങ്ങൾ, സാനിറ്റേഷൻ, മാലിന്യനിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ തുടങ്ങിയവയാണ് വിഭാവനം ചെയ്തിരിക്കുന്നത് |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 1) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര & ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ<br>2) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ<br>3) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ & ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡ്<br>4) കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.<br>5) പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ. |

| | | | |
|---|---|---|---|
| | | | 6) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ<br>7) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്<br>8) കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br>9) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്<br>10) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്<br>ഗവൺമെന്റ് അംഗീകൃത ഏജൻസികളെ നിർമ്മാണപ്രവർത്തനങ്ങൾ ഏൽപ്പിക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് ഏജൻസികളെ തെരഞ്ഞെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.